**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 4441 20-10-2011-ൽ മറുപടിക്ക്**

**കേരള ട്രഡീഷണൽ നോളജ് അതോറിറ്റി**

**ചോദ്യം** **ഉത്തരം**

**ശ്രീ. മുല്ലക്കര രത്നാകരൻ** **ബഹു: മുഖ്യമന്ത്രി**

**,, ഇ. ചന്ദ്രശേഖരൻ**

**,, ചിറ്റയം ഗോപകുമാർ**

**,, വി. ശശി**

| | | |
|---|---|---|
| (എ) | കേരള ട്രഡീഷണൽ നോളജ് അതോറിറ്റി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ? | കേരള ട്രഡീഷണൽ നോളജ് അതോറിറ്റി രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. 03-06-2008-ലെ G.O (P) നം. 4/2008/നിയമം പ്രകാരം ബൗദ്ധിക സ്വത്തവകാശ നയം നിലവിൽ വന്നു. ഈ നയം നടപ്പിലാക്കുന്നതിനു വേണ്ടി സെക്രട്ടേറിയറ്റിന്റെ റൂൾസ് ഓഫ് ബിസിനസ്സിൽ ഭേദഗതി വരുത്തി ബൗദ്ധിക സ്വത്തവകാശവും അനുബന്ധ കാര്യങ്ങളും എന്ന പുതിയ വിഷയം നിയമ വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ട്. ബൗദ്ധിക സ്വത്തവകാശ നയത്തിലെ 5-ാം ഖണ്ഡികയിൽ വിഭാവന ചെയ്തിരിക്കുന്ന കേരള പാരമ്പര്യ വിജ്ഞാന അതോറിറ്റി (Kerala Traditional Knowledge Authority) (KTKA) കേരള ബൗദ്ധിക സ്വത്തവകാശ മേൽനോട്ട സമിതിയുടെ (SCIP) കീഴിലാണ് പ്രവർത്തിക്കേണ്ടത്. നിലവിൽ ബൗദ്ധിക സ്വത്തവകാശം സംബന്ധിച്ച പ്രവർത്തനങ്ങൾ പല വകുപ്പുകളുടെ/ഏജൻസികളുടെ കീഴിലായാണ് സംസ്ഥാനത്ത് നടന്നു വരുന്നത്. ഇവയൊക്കെ SCIP യുടെ കീഴിലാക്കുന്നതിന് ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ | കേരള ട്രഡീഷണൽ നോളജ് അതോറിറ്റിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| | എന്തെല്ലാമാണെന്നു വ്യക്ത മാക്കുമോ? | (i) സംസ്ഥാനത്തെ പാരമ്പര്യവിജ്ഞാനം സംരക്ഷിക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.<br>(ii) നമ്മുടെ തനത് പാരമ്പര്യവിജ്ഞാനം ബൗദ്ധിക സ്വത്തവകാശ നയ പ്രകാരം സംരക്ഷിക്കുകയും സ്വകാര്യ വ്യക്തികളും, കോർപ്പറേറ്റ് സ്ഥാപനങ്ങളും സംസ്ഥാനത്തെ പൊതുസമ്പത്തായ പാരമ്പര്യവിജ്ഞാനം കുത്തകയാക്കി മാറ്റി ചൂഷണം ചെയ്യുന്നത് തടയുന്നതിനും ഉതകുന്ന നിയമ സംരക്ഷണം ഉറപ്പു വരുത്തുക.<br>(iii) ആദിവാസി സമൂഹങ്ങളും ഗോത്രങ്ങളും കുടുംബങ്ങളും സ്ഥാപനങ്ങളും തലമുറകളായി കാത്തുസൂക്ഷിച്ചു വരുന്ന തനത് പാരമ്പര്യവിജ്ഞാനം സംരക്ഷിക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ നടത്തുക.<br>(iv) പാരമ്പര്യവിജ്ഞാനം ഉപയോഗിച്ച് നിത്യവൃത്തി നടത്തുന്ന വലിയ വിഭാഗം ജനങ്ങളുടെ താല്പര്യത്തിന് വിരുദ്ധമായി പ്രസ്തുത പാരമ്പര്യവിജ്ഞാനം സ്വകാര്യ വ്യക്തികളും കോർപ്പറേറ്റുകളും വിദേശരാജ്യങ്ങളും കുത്തകയാക്കാതിരിക്കാൻ, സ്റ്റേറ്റിന് പ്രസ്തുത പാരമ്പര്യവിജ്ഞാനത്തിന്മേൽ നിയമാവകാശം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ.<br>(v) നാട്ടറിവുകളും ചികിത്സാ വിജ്ഞാനവും സംരക്ഷിക്കുന്നതിനും, അവയ്ക്ക് ബൗദ്ധിക സ്വത്തവകാശ സംരക്ഷണം നൽകുന്നതിനുമുള്ള നിയമ നടപടികൾ ഏറ്റെടുക്കുക. സമൂഹത്തിന് മൊത്തം ഗുണകരമാകേണ്ടതും വലിയ വിഭാഗം ജനങ്ങളുടെ നിത്യവൃത്തിയ്ക്ക് ആധാരവുമായ പാരമ്പര്യവിജ്ഞാനം ആരും കുത്തകയാക്കാതിരിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുക.<br>(vi) ആദിവാസി ഗോത്രങ്ങളും കുടുംബങ്ങളും തലമുറകളായി കാത്തുസൂക്ഷിച്ചുവരുന്ന പാരമ്പര്യവിജ്ഞാനത്തിന്റെ നിയമ ബൗദ്ധിക സ്വത്തവകാശം പ്രസ്തുത ഗോത്രങ്ങൾക്കും കുടുംബങ്ങൾക്കുമായി നിയമപരമായി നിക്ഷിപ്തമാക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ നടത്തുക.<br>(vii) പാരമ്പര്യവിജ്ഞാനത്തിന്റെ അടിസ്ഥാന |

| | | |
|---|---|---|
| | | ത്തിൽ നിത്യവൃത്തി നടത്തുന്നവർ KTKA വഴി അത് രജിസ്റ്റർ ചെയ്യപ്പെടുന്നതിനു വേണ്ട പ്രവർത്തനങ്ങൾ നടത്തുക.<br>(viii) KTKA വഴി പാരമ്പര്യവിജ്ഞാനം രജിസ്റ്റർ ചെയ്യപ്പെടുവാനായി, ആദ്യം ഇത് സംബന്ധിച്ച് അപേക്ഷ കിട്ടിയാൽ, ടി ബൗദ്ധിക സ്വത്തവകാശം പ്രസ്തുത വ്യക്തികൾക്ക് അവകാശമായി കൊടുക്കുന്നതിന്മേൽ പൊതു അറിയിപ്പ് ബന്ധപ്പെട്ടവർക്ക് നൽകും. ഇതു സംബന്ധിച്ച് ആർക്കെങ്കിലും തർക്കമുണ്ടായാൽ ആ തർക്കത്തിൽ തീർപ്പു കൽപ്പിച്ചതിനുശേഷം മാത്രമേ രജിസ്റ്റർ ചെയ്യാൻ പറ്റുകയുള്ളൂ. ഇപ്രകാരമുള്ള ബൗദ്ധിക സ്വത്തവകാശ തർക്കങ്ങളിൽ തീർപ്പു കൽപ്പിക്കുന്നതും KTKA -യുടെ പ്രവർത്തനങ്ങളിൽ ഒന്നാണ്.<br>(ix) ഒരിക്കൽ ബൗദ്ധിക സ്വത്തവകാശം വ്യക്തികളുടെയോ കുടുംബത്തിന്റെയോ ഗോത്രത്തിന്റെയോ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ടു കഴിഞ്ഞാൽ ടി അവകാശം ആരെങ്കിലും ലംഘിക്കുന്നപക്ഷം അവർക്കെതിരെ നിയമ നടപടികൾ എടുക്കുന്നതിനും KTKA യ്ക്ക് അധികാരമുണ്ടായിരിക്കും.<br>(x) പൊതുസമൂഹത്തിന്റെ ഗുണത്തിനായി സ്റ്റേറ്റിന്റെ പേരിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന പാരമ്പര്യവിജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ ആരെങ്കിലും വാണിജ്യപ്രവർത്തനങ്ങളോ/നിത്യവൃത്തിക്കായുള്ള തൊഴിലിലോ ഏർപ്പെടുന്നുവെങ്കിൽ അതിനുള്ള ലൈസൻസ് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.<br>(xi) KTKA യിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന ബൗദ്ധിക സ്വത്തവകാശം കോർപ്പറേറ്റു സ്ഥാപനങ്ങളോ, കച്ചവടസ്ഥാപനങ്ങളോ ലംഘിക്കുന്ന പക്ഷമോ ടി അവകാശം അപഹരിക്കുകയോ തെറ്റായി ഉപയോഗിക്കുകയോ ചെയ്യുന്ന പക്ഷമോ അവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.<br>(xii) സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡുമായും ബൗദ്ധിക സ്വത്തവകാശ സംരക്ഷണവുമായി |

| | | |
|---|---|---|
| (സി) | പൂർണ്ണമായും കേന്ദ്ര നിയമത്തിൻകീഴിൽ വരുന്ന പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ? | IPR നയത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ വരേണ്ട KTKA യുടെ രൂപീകരണവുമായി ബന്ധപ്പെട്ട് SCIP യുടെ രണ്ടാമത് യോഗം 31-08-2011-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുകയും, KTKA യ്ക്ക് അവസാന രൂപം നൽകുന്നതിനായി നിയമ വകുപ്പു സെക്രട്ടറിയോട് സ്റ്റേറ്റ് ബയോ ഡൈവോഴ്സിറ്റി ചെയർമാൻ ഡോ. ആർ. വി. വർമ്മയോടും CUSAT- ലെ IPR ചെയർ മേധാവിയായ ഡോ. എൻ. എസ്. ഗോപാലകൃഷ്ണനുമായും ചർച്ച നടത്തുവാൻ SCIP-യുടെ ചെയർമാൻ കൂടിയായ ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്. ഇതു കൂടാതെ ബയോളജിക്കൽ ഡൈവോഴ്സിറ്റി ആക്റ്റ് 2002-ലെ 63-ാം വകുപ്പിൻ കീഴിൽ IPR നയം അനുസരിച്ചുള്ള ചട്ടങ്ങൾ നിർമ്മിക്കുവാൻ പറ്റുമോ എന്ന് പരിശോധിക്കുവാനും നിയമ വകുപ്പു സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

ഉത്തരവിൻപ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ